**പോലീസ്** **വകുപ്പ്**

**കേരളം**

# PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി**

**സാന്നിദ്ധ്യം : വേണുഗോപാൽ കെ ബി**

വിഷയം : ഗ്രീൻ പ്രോട്ടോക്കോൾ - കമ്മിറ്റിയെ രൂപീകരിച്ചുക്കൊണ്ട് ഉത്തരവാകുന്നു.

സൂചന : 1. സംസ്ഥാന പോലീസ് മേധാവിയുടെ കത്ത് നമ്പർ. c4(a)-174689/2018/പിഎച്ച്ക്യൂ തീയതി 17.05.2018

**ഉത്തരവ് നമ്പർ : G1(a)-20392/2018/ID തീയതി. 23-05-2018**

സംസ്ഥാന പോലീസ് മേധാവിയുടെ c4(a)-174689/2018/പിഎച്ച്ക്യൂ തീയതി 17.05.2018 ആം തീയതിയിലെ കത്ത് പ്രകാരം കേരളത്തിലെ എല്ലാ പോലീസ് ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.ആയതിനാൽ ഇടുക്കി ജില്ലാ പോലീസ് ഓഫീസിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിനായി ഡിവൈഎസ്പി അഡ്മിനിസ്ട്രേറ്റർ നോഡൽ ഓഫീസറായും താഴെപ്പറയുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിയെ നിയമിച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു.

1. DySP Administrator - നോഡൽ ഓഫീസർ .
2.Anitha C S,(JS III) - മെംബർ
3. Roy C.O (FCS) - മെംബർ
4. Ancy Joseph,Senior Clerk - മെംബർ

മേൽ പറഞ്ഞ ഉദ്യോഗസ്ഥർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നു ഉറപ്പുവരുത്തേണ്ടതാണ്.

1. എല്ലാ ജീവനക്കാരും കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ (സ്റ്റീൽ , സെറാമിക് തുടങ്ങിയവ ) മാത്രമാണ് ഉപയോഗിക്കുന്നത് എന്നു ഉറപ്പുവരുത്തുക.
2. ഓഫീസുകളിൽ പ്ലാസ്റ്റിക് , ക്യാരിബാഗ്/കവറുകൾ എന്നിവ പൂർണമായും നിരോധിക്കുക.
3. ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ (പേപ്പറിലും,പ്ലാസ്റ്റിക്കിലും, തെർമോക്കോളിലും നിർമിതമായ ഡിസ്പോസിബിൽ വസ്തുക്കൾ )ഒഴിവാക്കി സ്റ്റീൽ പോർസലിൻ കപ്പുകളും പ്ലേറ്റുകളും വാങ്ങുക.
4.എല്ലാ പൊതു ചടങ്ങുകളിലും പ്രചരണങ്ങൾക്കും തുണി ബാനറുകൾ/ബോർഡുകൾ മാത്രം ഉപയോഗിക്കുന്നു എന്നുറപ്പാക്കുക.
5.അഴുകുന്നതും അഴുകാത്തതുമായ മാലിന്യം ശേഖരിക്കുവാനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കുക.
6.ഓഫീസിലുണ്ടാകുന്ന ജൈവ മാലിന്യങ്ങളുടെ തോതനുസരിച്ചുള്ള കമ്പോസ്റ്റിങ് ഉപാധികൾ സ്ഥാപിക്കുക .
7.ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് കമ്പോസ്റ്റിങ് യൂണിറ്റ് ആരംഭിക്കുക.
8. അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ പ്രത്യേകം സ്ഥലം കണ്ടെത്തുക.
9.നിശ്ചിത ഇടവേളകളിൽ അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കാനായി തദ്ദേശസ്ഥാപനവുമായോ /പാഴ് വസ്തു വ്യാപാരികളുമായോ , ക്ലീൻ കേരള കമ്പനിയുമായോ ധാരണയിലെത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
10.ടോയിലേറ്റുകളിൽ ആവിശ്യത്തിന് വെള്ളവും വെളിച്ചവും വൃത്തിയും ഉറപ്പാക്കുക.
11.ഹൌസ് കീപ്പിങ് ജീവനക്കാർക്ക് ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് പരിശീലനം നൽകുക.
12.ഗ്രീൻ പ്രോട്ടോക്കോൾ തീരുമാനം നടപ്പാക്കുന്നത് സ്ഥാപനതലത്തിൽ കൃത്യമായി വിലയിരുത്തുക.
13.2018 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന് മുൻപായി സ്ഥാപനത്തെ ഗ്രീൻ പ്രോട്ടോക്കോൾ സ്ഥാപനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി നിർദേശങ്ങൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് 2018 ജൂൺ 1 ന മുൻപായി ജില്ലാ പോലീസ് മേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

23-05-2018

G1(a)-20392/2018/ID

001aad

വേണുഗോപാൽ കെ ബി,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ അംഗങ്ങൾക്കും അറിവിനും നടപടികൾക്കുമായി

Internal Administrative Processing System
iAPS
KERALA POLICE